**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867** **11-02-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | നിലമേൽ ഗ്രാമം (2016-17), തേരിക്കവിള (2016-17) എന്നീ ഗ്രാമങ്ങളുടെ പദ്ധതി പൂർത്തീകരിച്ചു. കണ്ടല പട്ടികജാതി ഗ്രാമത്തിന്റെ (2019-20) പ്രവർത്തി അവസാനഘട്ടത്തിലാണ്. വെള്ളമാന്നൂർ കോണം ഗ്രാമത്തിലെ (2023-24) വീട് അറ്റകുറ്റപ്പണികൾ പ്രവർത്തി പുരോഗമിക്കുന്നു. കാവലോട്ടുകോണം ഗ്രാമം (2021-22) ഫീസിബിൾ അല്ലാത്തതിനാൽ മറ്റൊരു ഗ്രാമമായ കുരിശുമുട്ടം ഗ്രാമത്തെ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. മുതുവല്ലൂർ പറയർക്കോണം ഗ്രാമം (2022-23) പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും ആയതിലെ കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കാമോ? | (ബി) | കണ്ടല പട്ടികജാതി ഗ്രാമത്തിന്റെ (2019-20) പ്രവർത്തികൾ രണ്ടാഴ്ചക്കുള്ളിൽ പൂർത്തീകരിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. പാർട്ട് ബിൽ മാറ്റുന്നതിനുള്ള കാലതാമസം, കൂടാതെ ഫൈനൽ ബിൽ ലഭ്യമായിട്ടില്ല എന്നിവയാണ് പദ്ധതി പൂർത്തീകരണത്തിലെ കാലതാമസത്തിന്റെ കാരണങ്ങൾ. വെള്ളമാന്നൂർ കോണം ഗ്രാമത്തിന്റെ (2023-24) പ്രവർത്തി പുരോഗമിക്കുന്നു. ഏജൻസി പാർട്ട് ബില്ല് നൽകിയിട്ടില്ല. MoU ഒപ്പുവച്ച് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ